നമ്പർഃ ഇ.എം(4) 13340/08 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതിഃ 02/02/2011

## സർക്കുലർ നമ്പർഃ 28/2011

വിഷയംഃസഹകരണം - പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചനഃ- സർക്കാരിന്റെ 26.02.2011ലെ സ.ഉ.(കൈ)നംഃ38/2011/സഹ. സർക്കാർ ഉത്തരവ്.

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും 01.07.2008 മുതൽ പരിഷ്ക്കരിച്ച് ഉത്തരവായിട്ടുണ്ട്. ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

1. ശമ്പള പരിഷ്ക്കരണത്തിന് 01.07.2008 മുതൽ പ്രാബല്യമുണ്ടായിരിക്കും.
2. പുതിയ ശമ്പള സ്കെയിലുകളിലേയ്ക്ക് വരുന്നതിന് 01.07.2008 മുതൽ 30.06.2009 വരെയുള്ള (രണ്ട് തീയതിയും ഉൾപ്പെടെ) കാലയളവ് ഓപ്ഷന് വേണ്ടി സ്വീകരിക്കാം. ഇപ്രകാരമുള്ള ഓപ്ഷൻ 25.05.2011 ന് മുമ്പ് രേഖാമൂലം ഇതോടൊപ്പമുള്ള നിശ്ചിത ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്. ഒരിക്കൽ ഓപ്ഷൻ നൽകിയാൽ ആയത് അന്തിമമായിരിക്കും. നിശ്ചിത സമയത്തിനകം ഓപ്ഷൻ നൽകാതിരുന്നാൽ 01.07.2008 മുതൽ ഓപ്ഷൻ നൽകിയതായി കണക്കാക്കി ശമ്പളം നിർണ്ണയിക്കുന്നതാണ്.
3. 01.07.2008 ലെയോ ഓപ്ഷൻ തീയതിയിലെയോ അടിസ്ഥാന ശമ്പളത്തോടൊപ്പം 24% ക്ഷാമബത്ത ലയിപ്പിച്ച് കിട്ടുന്ന തുകയോടൊപ്പം ആയതിന്റെ അഞ്ച് ശതമാനം കൂടി ചേർത്ത് കിട്ടുന്ന തുക പുതിയ ശമ്പള സ്കെയിലിൽ ഒരു സ്റ്റേജ് ആണെങ്കിൽ അതിലും അല്ലെങ്കിൽ അടുത്ത സ്റ്റേജിലും അടിസ്ഥാന ശമ്പളം നിശ്ചയിക്കേണ്ടതാണ്.
4. 5 വർഷം പൂർത്തിയാക്കിയ സേവനത്തിന് ഒന്ന്, 10 വർഷത്തിന് 2, 15 വർഷത്തിന് 3 എന്നിങ്ങനെ പരമാവധി മൂന്ന് ഇൻക്രിമെന്റുകൾ പുതിയ ശമ്പള സ്കെയിലിലെ നിരക്കിൽ സർവ്വീസ് വെയിറ്റേജ് ആയി അനുവദിക്കാവുന്നതാണ്. ഇൻക്രിമെന്റിനും ഗ്രേഡിനും അർഹതയുള്ള സേവനകാലമാണ് വെയിറ്റേജിനും കണക്കാക്കുന്നത്.

5. ഖണ്ഡിക 3 പ്രകാരം ശമ്പളം നിർണ്ണയിക്കുമ്പോൾ ശമ്പള സ്കെയിലിന്റെ പരമാവധിയിൽ അധികരിച്ച തുക വരികയാണെങ്കിൽ ശമ്പള സ്കെയിലിന്റെ പരമാവധി തുക അടിസ്ഥാന ശമ്പളമായി നിശ്ചയിക്കേണ്ടതും ശേഷിക്കുന്ന തുക പേഴ്സണൽ പേ ആയി അനുവദിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള പേഴ്സണൽ പേ തുടർന്നുള്ള വാർഷിക ഇൻക്രിമെന്റിൽ ലയിപ്പിക്കാൻ പാടില്ലാത്തതും ക്ഷാമബത്തയ്ക്കും പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും കണക്കാക്കാവുന്നതുമാണ്. സർക്കാർ ഉത്തരവിന്റെ 2-ാം ഖണ്ഡികയ്ക്കു വിധേയമായി അടിസ്ഥാന ശമ്പളം നിർണ്ണയിക്കുമ്പോൾ പരിഷ്ക്കരിച്ച സ്കെയിലിന്റെ മിനിമത്തിൽ എത്തുന്നില്ലെങ്കിൽ പരിഷ്ക്കരിച്ച ശമ്പള സ്കെയിലിന്റെ മിനിമത്തിൽ അടിസ്ഥാന ശമ്പളം നിർണ്ണയിക്കേണ്ടതാണ്.

6. ശമ്പള പരിഷ്ക്കരണത്തിനുശേഷം ഇൻക്രിമെന്റ് അനുവദിക്കുന്നതിന് ശമ്പള സ്കെയിലിന്റെ പരമാവധിയായത് തടസ്സമായാൽ അവസാനം വാങ്ങിയ നിരക്കിൽ പ്രതിവർഷം ഒന്ന് എന്ന കണക്കിൽ പരമാവധി മൂന്ന് സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ അനുവദിക്കാവുന്നതാണ്.

7. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന നിരക്കിൽ ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.

8. പ്യൂൺ, വാച്ച്മാൻ, അറ്റൻഡർ റിക്കോർഡ് കീപ്പർ, ഡ്രൈവർ എന്നീ സബ് സ്റ്റാഫ് കാറ്റഗറിയിൽപ്പെടുന്ന ജീവനക്കാർക്ക് 8 വർഷത്തെ സേവനത്തിന് ഒന്ന്, 16 വർഷത്തെ സേവനത്തിന് 2, 23 വർഷത്തെ സേവനത്തിന് 3, 28 വർഷത്തെ സേവനത്തിന് 4 എന്നിങ്ങനെ പരമാവധി നാല് ഗ്രേഡുകൾ അനുവദിക്കാവുന്നതാണ്. ക്ലാർക്ക്, ടൈപ്പിസ്റ്റ്, ക്യാഷ്യർ തുടങ്ങി സെക്രട്ടറി വരെയുള്ള ഇതര കാറ്റഗറിയ്ക്ക് 8 വർഷ സർവ്വീസിന് ഒന്ന്, 16 വർഷ സർവ്വീസിന് 2 എന്നിങ്ങനെ പരമാവധി രണ്ട് സമയബന്ധിത ഹയർഗ്രേഡുകളാണ് അനുവദിക്കാവുന്നത്.

9. ഉദ്യോഗക്കയറ്റത്തിന് നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് പ്രൊമോഷൻ തസ്തികയിലെ ശമ്പള സ്കെയിൽ ഹയർ ഗ്രേഡായി അനുവദിക്കാവുന്നതാണ്. ഉദ്യോഗക്കയറ്റത്തിന് നിശ്ചിത വിദ്യാഭ്യാസ യോഗ്യത ഇല്ലാത്ത ജീവനക്കാർക്കും ഉദ്യോഗക്കയറ്റത്തിന് തസ്തിക ഇല്ലാത്ത ജീവനക്കാ

ാർക്കും ഈ സർക്കുലറിന്റെ അനുബന്ധത്തിൽ ചേർത്തിട്ടുള്ള ശമ്പള സ്കെയിൽ ഹയർ ഗ്രേഡായി അനുവദിക്കാവുന്നതാണ്.

10. അടിസ്ഥാന ശമ്പളത്തിന് പുറമെ പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് മറ്റ് ജീവനക്കാർക്ക് ലഭിക്കുന്ന നിരക്കിൽ ക്ഷാമബത്തയ്ക്കും വീട്ടുവാടക അലവൻസിനും അർഹതയുണ്ടായിരിക്കും.

11. പരിഷ്ക്കരിച്ച അടിസ്ഥാന ശമ്പളത്തിന്റെ 10% പരമാവധി 1750/ രൂപ വീട്ടുവാടക ബത്തയായി അനുവദിക്കാം.

12. സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ നിരക്കിൽ സിറ്റികോമ്പൻസേറ്ററി അലവൻസ് നൽകാവുന്നതാണ്. സർക്കാർ ജീവനക്കാരുടെ നിരക്കിന് ആനുപാതികമായ 01.02.2011 മുതലുള്ള നിരക്കുകൾ ചുവടെ ചേർക്കുന്നു.

| അടിസ്ഥാന ശമ്പളം | | പ്രതിമാസ നിരക്ക് |
|---|---|---|
| 7350/ രൂപയ്ക്ക് താഴെ | - | 200/ രൂപ |
| 7350/ രൂപ മുതൽ 8200/ രൂപ വരെ | | 250/ രൂപ |
| 8200/ രൂപ മുതൽ 10355/ രൂപ വരെ | | 300/ രൂപ |
| 10355/ രൂപയ്ക്ക് മുകളിൽ | | 350/ രൂപ |

13. പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ജീവനക്കാർക്ക് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അർഹമായ തോതിലും വ്യവസ്ഥയിലും ഹിൽട്രാക്ക് അലവൻസ് നൽകാവുന്നതാണ്. സർക്കാർ ജീവനക്കാർക്ക് അർഹമായ നിരക്കിന് ആനുപാതികമായ 01.02.2011 മുതലുള്ള നിരക്കുകൾ ചുവടെ ചേർക്കുന്നു.

| അടിസ്ഥാന ശമ്പളം | | പ്രതിമാസ നിരക്ക് |
|---|---|---|
| 7350/ രൂപ വരെ | - | 200/ രൂപ |
| 7350/ രൂപ മുതൽ 9825/ രൂപ വരെ | | 260/ രൂപ |
| 9825/ രൂപയ്ക്കു മുകളിൽ | | 280/ രൂപ |

(സർക്കാർ ജീവനക്കാർക്ക് 64% ക്ഷാമബത്ത ലയിപ്പിച്ചപ്പോൾ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ജീവനക്കാർക്ക് 24% ക്ഷാമബത്ത മാത്രമേ ലയിപ്പിച്ചിട്ടുള്ളൂ. ആയതനുസരിച്ച് കണക്കാക്കിയ ശമ്പള സ്കെയിലിന്റെ സ്റ്റേജിലെ നിരക്കാണ് ഖണ്ഡിക 12 ലും 13 ലും മുകളിൽ ചേർത്തിട്ടുള്ളത്.)

14. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ജീവനക്കാർക്ക് മെഡിക്കൽ അലവൻസ് ആയി 1850/ രൂപ നൽകാവുന്നതാണ്. ഇക്കാര്യത്തി

ൽ സഹകരണ സംഘം രജിസ്ട്രാറുടെ 28/76ാം നമ്പർ സർക്കുലർ നിർദ്ദേശം പാലിക്കേണ്ടതാണ്.

15. റിസ്ക് അലവൻസ്, വാഷിംഗ് അലവൻസ്, കമ്പ്യൂട്ടർ അലവൻസ് എന്നിവ നിലവിലുള്ള നിരക്ക് തന്നെ തുടരേണ്ടതാണ്.

16. കണ്ണട വാങ്ങുന്നതിനുള്ള അലവൻസായി 1000/ രൂപ സർവ്വീസിൽ ഒരിയ്ക്കൽ മാത്രം എന്ന വ്യവസ്ഥയിൽ ജീവനക്കാർക്ക് റീ ഇമ്പേഴ്സ്മെന്റായി നൽകാവുന്നതാണ്. ഇതിന് സർക്കാർ ജീവനക്കാർക്ക് ബാധകമായ മറ്റെല്ലാ വ്യവസ്ഥകളും ബാധകമാണ്. കണ്ണട അലവൻസ് നൽകിയ വിവരം തീയതി ഉൾപ്പെടെ ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. മുമ്പ് കണ്ണട അലവൻസ് ലഭിച്ചിട്ടുള്ളവർക്ക് ടി ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

17. ജാമ്യ ഒരു താലൂക്ക് പ്രവർത്തപരിധി ആയാലും ഒന്നിലധികം താലൂക്ക് പ്രവർത്തപരിയാണെങ്കിലും പ്രതിമാസം 800/ രൂപ അനുവദിക്കാവുന്നതാണ്.

18. പുതിയ ശമ്പള സ്കെയിൽ നിർണ്ണയിച്ച് കഴിഞ്ഞാൽ ഒരു വർഷം പൂർത്തിയാകുമ്പോൾ മാത്രമെ ഇൻക്രിമെന്റിന് അർഹതയുള്ളൂ.

19. 01.07.2008 നോ അതിന് ശേഷമോ ഉള്ള നിയമനങ്ങളും പ്രൊമോഷനുകളും പുതിയ ശമ്പള സ്കെയിലിൽ നടത്തേണ്ടതാണ്. 01.07.2008 നോ അതിന് ശേഷമോ ഉദ്യോഗക്കയറ്റം ലഭിച്ചവർക്ക് 01.07.2008 ന് മുകളിലുള്ള ഏത് തീയതിയും ഓപ്റ്റ് ചെയ്യാവുന്നതാണ്.

20. മുൻ ശമ്പള പരിഷ്ക്കരണത്തിൽ ശമ്പളം നിർണ്ണയിച്ചപ്പോൾ തെറ്റായി കണക്കു കൂട്ടിയതുമൂലമോ ശമ്പള നിർണ്ണയം തെറ്റായി വ്യാഖ്യാനിച്ചതുകൊണ്ടോ അധികം വാങ്ങിയ തുകയ്ക്ക് മുൻ ഖണ്ഡിക പ്രകാരമുള്ള പരിരക്ഷ ലഭിക്കുന്നതല്ല.

21. ശമ്പള പരിഷ്ക്കരണ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയമോ അപാകതയോ ഉണ്ടെങ്കിൽ, സ്ഥാപനത്തിലെ സെക്രട്ടറിയോ മുഖ്യ ഉദ്യോഗസ്ഥനോ അതാത് ജില്ലകളിലെ ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന്റെ ശ്രദ്ധയിൽപ്പെടുത്തി മാർഗ്ഗനിർദ്ദേശം വാങ്ങേണ്ടതാണ്. പൊതുവായ വിശദീകരണമോ വ്യാഖ്യാനമോ ആവ

ശ്യമുണ്ടെങ്കിൽ ആയത് സഹകരണസംഘം രജിസ്ട്രാറുടെ ശ്രദ്ധയിൽ പ്പെടുത്തേണ്ടതാണ്.

22. സഹകരണ സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവിന്റെയും ബാങ്കിന്റെ/സംഘങ്ങളുടെ ആഡിറ്റർ/കൺകറന്റ് ആഡിറ്ററുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ മറ്റ് ജീവനക്കാരുടെ ശമ്പളം സംഘം ഭരണസമിതി നിർണ്ണയിച്ചു നൽകേണ്ടതാണ്.

23. സംഘത്തിലെ ചീഫ് എക്സിക്യൂട്ടീവിന്റെ ശമ്പളനിർണ്ണയം, സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെയും ആഡിറ്ററുടെ സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് രജിസ്ട്രാർ(ജനറൽ) അംഗീകരിച്ചു നൽകേണ്ടതാണ്.

മേൽ പ്രകാരമുള്ള നിർദ്ദേശങ്ങളും വിശദീകരണങ്ങളും ജില്ലാ ജോയിന്റ്രജിസ്ട്രാർമാർ സംഘങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും ശമ്പള നിർണ്ണയം ശരിയായ വിധത്തിൽ നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. താലൂക്കിലെ ഇൻസ്പെക്ടർമാരും ആഡിറ്റർമാരും തങ്ങളുടെ അധികാര പരിധിയിൽപ്പെട്ട സഹകരണ സംഘങ്ങളിൽ ശമ്പള നിർണ്ണയം നടത്തിയിട്ടുള്ളത് പരിശോധിയ്ക്കേണ്ടതും അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയവ പരിഹരിയ്ക്കുന്നതിന് സംഘങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ്. ഇപ്രകാരം നടത്തുന്ന പരിശോധനയുടെ പൂർത്തീകരണ റിപ്പോർട്ട് ബന്ധപ്പെട്ട അസിസ്റ്റന്റ്രജിസ്ട്രാർ (ജനറൽ) മുഖാന്തിരം ജോയിന്റ് രജിസ്ട്രാർ മുഖാന്തിരം സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിയ്ക്കേണ്ടതാണ്.

പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിലെ യൂണിറ്റ്/കൺകറന്റ് ആഡിറ്റർമാർ ടി സർക്കുലർ നിർദ്ദേശ പ്രകാരമാണോ ശമ്പളം നിർണ്ണയിച്ചിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും സർക്കുലർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ശമ്പള നിർണ്ണയം നടത്തി അധിക ബാദ്ധ്യത വന്നിട്ടുണ്ടെങ്കിൽ ആ ബാദ്ധ്യത ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി എടുക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്,
റാണിജോർജ്ജ്. ഐ.എ.എസ്.,
സഹകരണസംഘം രജിസ്ട്രാർ.

**Statement of fixation of Pay Consequent on Revision of Scales of pay as per G.O.(P)38/2011/Co-op. dated: 26/02/2011.**

| | | |
|---|---|---|
| 1 | Name of Bank | - |
| 2 | Name of employee | - |
| 3 | Designation (as on the date of option) | - |
| 4 | Date of option | - |
| 5 | Date of entry in regular service | - |
| 6 | Number of completed years of qualifying service | - |
| 7 | Existing scale of pay | - |
| 8 | Revised scale of pay (vide Annexure III | - |
| 9 | Existing basic pay | - |
| 10 | **Add** 24% DA of the Existing Basic pay | - |
| 11 | Total (Column 9 + 10) | - |
| 12 | **Add** 5% of the total in Column No. 11 towards fitment benefit | - |
| 13 | Total (Column 11 + 12) | - |
| 14 | Stage at which pay fixed in the revised scale (vide para 2 of G.O) | - |
| 15 | Service weightage if any(5 yrs-1<br>10 yrs-2<br>15 yrs-3) | - |
| 16 | Total (Column 14 + 15) | - |
| 17 | Basic Pay fixed as on option date | - |
| 18 | Date of increment | - |
| 19 | Remarks/Recommendation | - |

**Signature of the Head office**

## CERTIFICATE/RECOMMENDATION OF AUDITOR/CONCURRENT AUDITOR

**Certified that I have verified the entries in the statement with Service Book of Sri./Smt. ..................................................(Name) ...................................................................... (Designation) and found that the fixation statement is correct and drawn as per G.O.(P)No.38/2011/Co-op. dated: 26.02.2011 and Circular No. 28/2011 of the Registrar of Co-operative Societies.**

**Name :**

**Designation:**

**Place:**

**Date:**

**Committee Resolution No. and date : .......................................................**

**Signature of the President :**

**(Office Seal)**

# FORM OF OPTION

- (i) I .................................................................................................. hereby elect to come under the Revised Scale of Rs. .......................................................................... with effect from ....................................
- (ii) I ................................................................................................ hereby elect to continue in the existing scale of Rs. ................................................................. of my officiating post mentioned below will ....................................

Station :

Date :

Signature :

Name :

Designation:

- to be scored off if not application

# DECLARATION

I ........................................................................................................ hereby declare; that I am bound to refund the excess pay and allowances if any received by me due to wrong calculation or by any other means in the fixation of pay and allowances as per G.O.(P)38/2011/Co-op. dated: 26-02-2011 and I undertake to refund such excess amount from my salary as and when directed.

Signature :

Name :

Designation:

# ANNEXURE

| Name of Post | Revised scale of pay | Grade I | Grade II | Grade III | Grade IV |
|---|---|---|---|---|---|
| Peon/ Watchman | 6200-150/5-6950-200/5-7950-300/5-9450-350/5-11200-400/5 -13200-450/5-15450 (30) | 6800-150/1-6950-200/5-7950-300/5 -9450-350/5-11200-400/5-13200-450/5 -15450-500/4-17450 | 7150-200/4-7950 -300/5-9450-350/5-11200-400/5-13200 -450/5-15450-500/5 - 17950-550/1-18500 | 7550-200/2-7950-300/5-9450 -350/5-11200-400/5-13200-450/5-15450-500/5-17950-550/3-19600 | 8850-300/2-9450-350/5-11200-400/5 -13200-450/5-15450-500/5-17950 -550/5-20700-600/5-23700 (32) |
| Attender/ Record Keeper/ Driver | 7350-200/3-7950-300/5-9450-350/5-11200-400/5-13200-450/5-15450-500/5-17950-550/3-19600 (31) | 8250-300/4-9450-350/5-11200-400/5 -13200-450/5-15450-500/5-17950-550/5-20700-600/2-21900 | 8850-300/2-9450 -350/5-11200-400/5-13200-450/5-15450-500/5-17950-550/5-20700-600/4-23100 | 9450-350/5-11200-400/5-13200-450/5-15450-500/5-17950-550/5-20700-600/5-23700-650/1-24350 | 10450-350/3-11200 -400/5-13200-450/5-15450-500/5 -17950-550/5-20700-600/5-23700-650/4-26300 |
| Typist/ Typist cum Clerk/ | 8850-300/2-9450-350/5-11200-400/5 -13200-450/5-15450-500/5-17950 -550/5-20700-600/5-23700 (32) | 9450-350/5-11200 -400/5-13200-450/5-15450-500/5-17950-550/5-20700 -600/5-23700-650/2-25000 | 10450-350/3-11200 -400/5-13200-450/5-15450-500/5 -17950-550/5-20700-600/5-23700-650/4-26300 | | |
| Secretary | 19600-550/2-20700-600/5-23700 -650/5-26950-700/5 -30450-750/5 -34200-800/4-37400-850/3-39950 (29) | 20700-600/2-23700-650/5-26950-700/5 -30450-750/5-34200-800/4-37400-850/3-39950 | 21900-600/3-23700-650/5-26950-700/5-30450-750/5-34200-800/4-37400-850/3-39950 | | |